(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-09/367/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

തീയതി:27.03.2017

Ph No:04862 227332

E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :- കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-09/367/2017

തീയതി: 27.03.2017

# ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. ബ്ലോക്ക് പഞ്ചായത്ത് 16-11-2015 മുതൽ 15-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അഞ്ച് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ നാലെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ് മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.03.2017 മുതൽ 21.03.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ എം.കെ.അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ആർ. സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.തോമസ് രാജൻ | 01.04.2015മുതൽ 31.10.2015വരെ |

| | | | |
|---|---|---|---|
| | | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.011.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി. ഷാലി ജോളി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ. പി.എ. മുഹമ്മദ് സലിം | 01.04.2015 മുതൽ 19.02.2016 വരെ |
| | | ശ്രീ. കെ.കെ ശശികുമാർ | 20.02.2016 മുതൽ 31.03.2016 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | : | ശ്രീ.കെ.ബിജു | 01.04.2015 മുതൽ 10.09.2015 വരെ |
| | | ശ്രീ.എം.എസ് സന്തോഷ് കുമാർ | 11.09.2015 മുതൽ 31.03.2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | : | ശ്രീമതി.റ്റി.സി. സാലി | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | : | ശ്രീ.എൻ.എം. പ്രേംകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടിക വർഗ്ഗ വികസന ഓഫീസർ | : | ശ്രീ.കെ.ജി മനോജ് | 01.04.2015 മുതൽ 26.07.2015 വരെ |
| | | ശ്രീ.വി.ജി പ്രദീപ് കുമാർ | 27.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) സാമൂഹ്യ ആരോഗ്യ കേന്ദ്രം, കട്ടപ്പന | : | ഡോ.അനീഷ്.പി.ജോർജ്ജ് | 01.04.2015 മുതൽ 19.07.2015 വരെ |
| | | ഡോ. എസ്. സുരേഷ് | 20.07.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | വാർഷിക പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിൻമേലുള്ള അപാകതകൾ |
| ഭാഗം-II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല– വരുമാനത്തിൽ നഷ്ടം |
| 14 | 2-2 | അക്കൌണ്ടിംഗ് സംവിധാനത്തിലെ അപാകതകൾ. |
| 15 | 2-3 | ഇ.എം.എസ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം തിരികെ ലഭിച്ചത് യഥാവിധി ക്രമീകരിച്ചില്ല |
| ഭാഗം-III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കുന്ന പ്രവണത ആവർത്തിക്കുന്നു |
| 17 | 3-2 | എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിച്ചതിന് അധിക നിരക്ക് അനുവദിച്ചത് നഷ്ടം |
| 18 | 3-3 | കേരളോത്സവം-പദ്ധതി നടത്തിപ്പിൽ അധിക ച്ചെലവ് |
| 19 | 3-4 | ഫയലുകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം ₹10,00,000/- |

| | | |
|---|---|---|
| 20 | 3-5 | വാങ്ങിയ സ്കൂട്ടറുകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ₹81000/- ചെലവ് തടസ്സം |
| 21 | 3-6 | ശുചിത്വ സമുച്ചയനിർമാണത്തിന് വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ അധീനതയിലാക്കിയിട്ടില്ല |
| 22 | 3-7 | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി പദ്ധതിവിഹിതം നാളിതുവരെ വിനിയോഗിച്ചില്ല |
| ഭാഗം-IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 23 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 26 | 4-4 | വായ്പ / വായ്പ തിരിച്ചടവ് |
| 27 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 28 | 4-6 | ഓഡിറ്റ് റിക്കവറി |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 31 | 4-9 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| ഭാഗം-V അനുബന്ധങ്ങൾ | | |
| 32 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19.03.2015ലെ തീരുമാനം നമ്പർ I പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹46,86,55,580/-യും ചെലവ് ₹46,76,50,650/-യും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 05.08.2016 | – | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹52637675 |
| വരവ് | ₹120960848 |
| ആകെ | ₹173598523 |
| ചെലവ് | ₹144084182 |
| നീക്കിയിരിപ്പ് | ₹29514341 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 10147940 | 39546000 | 49693940 | 46800187 | 94.17 |
| | എസ്.സി.പി | 1533802 | 9808000 | 11341802 | 10967356 | 96.69 |
| | ടി.എസ്.പി. | 606807 | 4002000 | 4608807 | 4608807 | 100.00 |
| സംരക്ഷണഗ്രാന്റ് റോഡിതരം | | 3289746 | 5754000 | 9043746 | 4468512 | 49.40 |

## 1-6 പദ്ധതി അവലോകനം

എ) പദ്ധതി രൂപീകരണം

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| കർമസമിതികളുടെ യോഗങ്ങൾ | 17.12.14 |
| ബ്ലോക്ക് തല പദ്ധതി രൂപീകരണ ഗ്രാമസഭ | 21.1.2015 |
| വികസന സെമിനാർ | 12.3.15 |
| ഭരണാനുമതി/സാമ്പത്തിക അനുമതി | തീരുമാനം നം.I/തീ.6.5.15 |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (അന്തിമം) | ഡിപിസി/543/2015/IDK/ 14.7.2016 |

വിവിധ വിഭാഗങ്ങളിലായി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|---|
| | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 67 | 13 | 80 | 40 | 13 | 53 |
| എസ് സി പി | 11 | 00 | 11 | 06 | 00 | 06 |
| ടി എസ് പി | 03 | 00 | 03 | 03 | 00 | 03 |
| ആകെ | 81 | 13 | 94 | 49 | 13 | 62 |

വിവിധ വിഭാഗങ്ങളിലായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട്-പൊതു വിഭാഗം | 49693940 | 46800187 |

| | | |
|---|---|---|
| പ്രത്യേക ഘടക പദ്ധതി | 11341802 | 10967356 |
| പട്ടിക വർഗ്ഗ ഉപപദ്ധതി | 4608807 | 4608807 |
| മെയിൻറനൻസ് ഗ്രാൻറ്(റോഡിതരം) | 9043746 | 4468512 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 32130000 | 00 |
| തനത് ഫണ്ട് | 4136581 | 484000 |
| മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 10042500 | 00 |
| ജില്ലാപഞ്ചായത്ത് വിഹിതം | 14059500 | 00 |
| മറ്റിനം | 23061155 | 00 |
| ആകെ | 158118031 | 67328862 |
| ചെലവ് ശതമാനം | | 42.58 |

<u>വാർഷിക പദ്ധതി നിർവഹണം</u>

വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്ത വിഷയങ്ങൾ ചുവടെ സമാഹരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ ശ്രമം നടന്നിട്ടുണ്ട്.
- ആസൂത്രണം ചെയ്ത 94 പ്രോജക്ടുകളിൽ 32 എണ്ണംനടപ്പാക്കിയില്ല.വികസന ഫണ്ട് വിനിയോഗത്തിൽ മികച്ച പുരോഗതി കൈവരിച്ചുവെങ്കിലും (പൊതു വിഭാഗം 94%,എസ്.സി.പി 96%ടി.എസ്.പി 100%) ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗം കേവലം 49 ശതമാനത്തിൽ പരിമിതപ്പെട്ടു.
വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി ചെലവുകണക്കുകൾ എല്ലാ സ്രോതസ്സുകളും തിരിച്ചുള്ളത് കൃത്യമായി നിർണയിച്ചിട്ടില്ല.
- ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ (ഹാഡ) പച്ചക്കറി -ഫലവർഗവികസനപദ്ധതിവിഹിതം നാളിതുവരെ ചെലവഴിച്ചില്ല.
- കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നിക്ഷിപ്തമായ ചുമതലകളിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ ആവിഷ്കരിച്ചു.

- ശുചിത്വ സമുച്ചയനിർമാണത്തിന് വിട്ടുകിട്ടിയ സ്ഥലം നിയമപരമായി കൈവശപ്പെടുത്തിയില്ല.
- തിരികെ ലഭിച്ച ഇ.എം.എസ് പദ്ധതി വിഹിതം ലോൺ തിരിച്ചടവിന് വിനിയോഗിച്ചില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം തനത് വരുമാനത്തിൽ താഴെപ്പറയും പ്രകാരം 449.72ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+/-) |
|---|---|---|---|---|
| നികുതിയിതര വരവുകൾ | - | 34837 | 34837 | - |
| മറ്റു വരവുകൾ | 22400 | 88301 | 65901 | 294.20 |
| ആകെ | 22400 | 123138 | 100738 | 449.72 |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഓഡിറ്റിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ | 07.03.2015 മുതൽ | 2009-10 മുതൽ | 01-06-2015 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 13-03-2015വരെ | 2013-14 വരെ | |

## 1-12 വാർഷിക കണക്കുകളിൻമേലുള്ള അപാകതകൾ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല – വരുമാനത്തിൽ നഷ്ടം

ഓഡിറ്റ് വർഷത്തിൽ ടെണ്ടർ പ്രവർത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്. എന്നാൽ ഇ-ടെണ്ടർ മുഖേന പ്രവർത്തികൾ നടപ്പാക്കുമ്പോൾ ടെണ്ടർ ഫാറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഒടുക്കുന്നത്. എന്നാൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിലാണ് ഒടുക്കേണ്ടത്. ആയതിനാൽ ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 അക്കൗണ്ടിംഗ് സംവിധാനത്തിലെ അപാകതകൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.10.2011ലെ സ.ഉ(കൈ)246/2011 പ്രകാരം സാംഖ്യ ഉപയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വരവുകൾക്കും കമ്പ്യൂട്ടർ കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ അക്കൗണ്ടിംഗ് നിലവിലുണ്ടെങ്കിലും സർക്കാർ നിർദേശാനുസരണം കൈപ്പറ്റ് രസീത് നൽകുന്നതിന് പകരം മാനുവൽ രസീതുകളാണ് നൽകുന്നത്. തുടർന്ന് ഈ വരവുകൾ സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതുകളായി ചേർക്കുന്നു. എല്ലാ ഇടപാടുകൾക്കും കമ്പ്യൂട്ടർ രസീതുകൾ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്തിരാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.3.2011-ലെ ജിഒ(എംഎസ്) 83/2011 പ്രകാരം നിലവിൽ വന്ന അക്കൗണ്ടിംഗ് സമ്പ്രദായം പൂർണമായി അനുവർത്തിക്കുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1.ചട്ടം 32 പ്രകാരം മുൻകൂറുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2.ചട്ടം 83 പ്രകാരം സാംഖ്യ/മാനുവൽ രസീതു ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീതുകൾ ആർക്കു നൽകി എന്നോ എത്ര രസീത് ബുക്കുകൾ ബാലൻസ് ഉണ്ട് എന്നോ രേഖപ്പെടുത്തുന്നില്ല.

3.ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറി ,അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തുന്നില്ല.

പരാമർശിത പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 2-3 ഇ.എം.എസ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം തിരികെ ലഭിച്ചത് യഥാവിധി ക്രമീകരിച്ചില്ല

ഇ.എം.എസ് ഭവന പദ്ധതിക്കുള്ള വിഹിതമായി ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി ജില്ലാ സഹകരണ ബാങ്ക് കട്ടപ്പന ശാഖയിൽനിന്ന് സ്വീകരിച്ച ലോൺ തുക വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തിരുന്നു. ഇതു പ്രകാരം 3 ഗഡുക്കളായി ആകെ ₹29,75,000/- ഉപ്പുതറ ഗ്രാമപഞ്ചായത്തിന് നൽകിയതിൽ ₹172500/- തൻവർഷം 89794/22.6.2015 നമ്പർ ചെക്ക് പ്രകാരം തിരികെ ലഭിച്ചു. ഇപ്രകാരം വരവ് വന്ന തുക ലോൺ തിരിച്ചടവിന് വിനിയോഗിക്കുന്നതിന് പകരം യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ കട്ടപ്പന ശാഖയിൽ നിലവിലുള്ള പലവക ഫണ്ടുകൾ സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് ( നം17978) ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപിച്ചത്. ഋണബാധ്യത ഒഴിവാക്കാൻ വിനിയോഗിക്കേണ്ട തുക തനത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമല്ല. പ്രസ്തുത തുക അടിയന്തിരമായി പിൻവലിച്ച് വായ്പാ തിരിച്ചടവിന് വിനിയോഗിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കുന്ന പ്രവണത ആവർത്തിക്കുന്നു

ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ /മേഖലാപരമായ ചുമതലകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പിന് കീഴിലുള്ള 4-ാംപട്ടികയിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സ്ഥാപനത്തിന്റെ ചുമതലകൾക്കും അനുസൃതമായി വേണം വാർഷികപദ്ധതി ആസൂത്രണം ചെയ്യേണ്ടത് എന്ന നിഷ്കർഷ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.11.2013-ലെ ജി.ഒ(എംഎസ്) 362/2013 നമ്പർ ഉത്തരവ് കാണുക) 11.13.IV.(A)(B) നമ്പർ ഖണ്ഡികയിലും പ്രത്യേകം പരാമർശിക്കുന്നുണ്ട്. എന്നാൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് മുൻവർഷങ്ങളിലും 2015-16 വാർഷികപദ്ധതിയിലും ഏറ്റെടുത്ത ചില പ്രോജക്ടുകൾ മേൽസൂചിപ്പിച്ച വകുപ്പനുസരിച്ചുള്ള ചുമതലാ പരിധിയിൽപ്പെടുന്നവയായിരുന്നില്ല. ഇത് സംബന്ധിച്ച വിശദമായ പരാമർശങ്ങൾ മുൻറിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും അധികൃതരുടെ മുൻപാകെ നേരിട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടും പദ്ധതി ആസൂത്രണത്തിൽ പ്രസ്തുത പ്രവണത ആവർത്തിക്കുന്നത് അതീവ ഗൗരവമർഹിക്കുന്നു. തൻവർഷം ബ്ലോക്ക് പഞ്ചായത്ത് ഈ രീതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1. ഇരട്ടയാർ നോർത്ത് മെട്ട് കുടിവെള്ളപദ്ധതി (ജലസേചനപദ്ധതിയെന്ന പേരിൽ നടപ്പാക്കിയെങ്കിലും കുടിവെള്ളപദ്ധതിയായി ഉപയോഗിക്കുന്നുവെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി).

2 .എഴുകുംവയൽ വൃദ്ധ സദനം പൂർത്തീകരണം.

3. എഴുകുംവയൽ വൃദ്ധ സദനം വയറിംഗ്.

ആവർത്തനം, പണദുരുപയോഗം, കൃത്യാന്തരബാഹുല്യം തുടങ്ങിയവ ഒഴിവാക്കുന്നതിനാണ് ഓരോ തട്ടിലുമുള്ള

തദ്ദേശസ്വയംഭരണസ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം ചുമതലകൾ സർക്കാർ നിർണയിച്ചിരിക്കുന്നത്. ആകയാൽ സ്വന്തം ചുമതലകളിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ട് ആവിഷ്കരിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിയമം മുഖേന വ്യവസ്ഥാപിതമായ ചുമതലകൾ മാത്രം നിർവഹിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവരുടെ സവിശേഷശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 കൃഷി അസി.ഡയറക്ടറുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള ഭൂപ്രദേശമാണ് കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് . ജനസംഖ്യയുടെ ബഹുഭൂരിപക്ഷവും കുടിയേറ്റ കർഷകരും കർഷകത്തൊഴിലാളികളുമാണ്. നാണ്യവിളകളായ തേയില , കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയ്ക്കൊപ്പം പച്ചക്കറിക്കൃഷിക്കും കർഷകർ മുന്തിയ പരിഗണന നൽകുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ജൈവവൈവിധ്യവും കാർഷികമേഖലയിലെ സാധ്യതകളും സമഗ്ര പഠനങ്ങൾക്ക് വിധേയമാക്കി ഇതിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾ നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടുള്ളതുമാണ്. എന്നാൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതിനുമായി ടി വിഷയങ്ങളിൽ വൈദഗ്ദ്യവും പരിചയസമ്പത്തും നേടിയ കൃഷി അസി.ഡയറക്ടറുടെ സേവനം ലഭ്യമാണെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ബ്ലോക്ക പഞ്ചായത്ത് ശ്രമങ്ങൾ നടത്തിയിട്ടില്ല. കാർഷികമേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന നൂതനമായ അനേകം പ്രോജക്ടുകളും അവയ്ക്ക് അനുവദനീയമായ സബ്സിഡിനിരക്കുകളും വിശദമായി പഞ്ചവത്സരപദ്ധതി മാർഗരേഖയിൽ പ്രതിപാദിക്കുന്നുവെങ്കിലും അതിനെ ആസ്പദമാക്കി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിൽ അധികൃതർ വിമുഖത കാണിക്കുന്നത് അതീവ ഗൗരവമർഹിക്കുന്നു. അസി.ഡയറക്ടറുടെ സേവനം പരമാവധി ചൂഷണം ചെയ്യാനുതകും വിധമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിച്ചതിന് അധിക നിരക്ക് അനുവദിച്ചത് നഷ്ടം

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ്042/16 ഇരട്ടയാർ നോർത്ത് മെട്ട് ജലസേചന പദ്ധതി പൂർത്തീകരണം |
| സാങ്കേതികാനുമതി | ₹222222/- (2,00000/- വികസന ഫണ്ട് + 22222/-ഗു.വിഹിതം |
| കൺവീനർ | ശ്രീ.പ്രഭാകരൻ |
| കരാർ നം | 3/AEE/LSGD/2015-16തീ.13.08.2.015 |
| അളവുപുസ്തകം | 03/2015-16 |
| ആകെ വേല മൂല്യം (നിജപ്പെടുത്തിയത്) | ₹1,98,655/- |

| | |
|---|---|
| +/-നികുതികൾ | 11920/- + 21058/-(ഗുണഭോക്തൃ വിഹിതം) |
| കൺവീനർക്ക് നൽകിയ അറ്റതുക | ₹1,77,597/- ഡി.ഡി. നം.763231/22.12.2015 |

ഇരട്ടയാർ നോർത്ത് മെട്ട് ജലസേചന പദ്ധതി പൂർത്തീകരണം എന്ന പ്രോജക്ട് പ്രകാരം വിവിധ ഗേജിലും അളവിലുമുള്ള എച്ച്.ഡി.പി.ഇ.പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിയ്ക്കുവേണ്ടി ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡേറ്റ നിരക്കിന് പകരം കമ്പോള നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും തുക നൽകുകയും ചെയ്തിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം/പ്രവൃത്തിയുടെ അളവ് എച്ച്.ഡി.പി.ഇ.പൈപ്പുകൾ | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 1 | 63 എം.എം/10 kg/cm2<br>100 മീറ്റർ | 388/മീറ്റർ<br>388x100<br>=38,800 | @233.88<br>233.88x100<br>=23388 | 15,412 |
| 2 | 63 എം.എം/6 kg/cm2<br>275 മീറ്റർ | 259/ മീറ്റർ<br>259x275<br>=71,225 | @168.86<br>168.86x275<br>=46,437 | 24,788 |
| 3 | 23 എം.എം/12.5 kg/cm2<br>945 മീറ്റർ<br>(25എം.എം.ന് നൽകിയ തുകയാണ് ലഭ്യമായിരിക്കുന്നത്) | 74/മീറ്റർ<br>945x74<br>=69,930 | @56.94/-<br>56.94x945<br>=53,808 | 16,122 |
| | ആകെ അധികം നൽകിയ തുക | | | 56,322 |

2012 ലെ CPWD നിരക്ക് അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡേറ്റ നിരക്കിന് പകരം കമ്പോള നിരക്ക് നൽകിയത് വഴി ₹56,322/- പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിരിക്കുന്നു. അധികം നൽകിയ തുക ₹56,322/- ഉത്തരവാദികളായ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസി.എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-4 കേരളോത്സവം-പദ്ധതി നടത്തിപ്പിൽ അധിക ചെലവ്

| ബിൽ നം /ചെക്ക് നം തീയതി | തുക₹ |
|---|---|
| ബിൽ നം 21/15-16തീ 29.03.2016 (വികസന ഫണ്ട്) | 74,300 |
| ചെക്ക് നം 134062 തീ 24.06.2015(യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭിച്ച തുക) | 60000 |
| ആകെ | 134300 |

തൻ വർഷം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തുന്നതിന് പരമാവധി ₹100000/- പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.06.2015 സ.ഉ(സാധാ) 1907/2015 പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കേരളോത്സവ വിഹിതമായി യുവജനക്ഷേമ ബോർഡിൽ നിന്നും ₹60,000/- (ചെക്ക് നം. 134062 തി. 24.6.15) ലഭിച്ചതിനാൽ വികസന ഫണ്ടിൽ നിന്നും ₹40,000/- മാത്രമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ വികസന ഫണ്ടിൽ നിന്നും മേൽ സൂചിത ബിൽ പ്രകാരം₹74,300/-പിൻവലിച്ച് ആകെ ₹1,34,300/-ചെലവഴിച്ചു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധികം ചെലവഴിച്ച ₹34,300/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-5 ഫയലുകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം ₹10,00,000/-

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കട്ടപ്പന | |
| പദ്ധതി നം | 31/2016 | |
| പദ്ധതി | കട്ടപ്പന സി.എച്ച്.സിക്ക് കട്ടിൽ, ബെഡ് , ബെഡ് ഷീറ്റ് മുതലായവ വാങ്ങൽ | |
| അടങ്കൽ | ₹10,00,000/-(റോഡിതരം) | |
| ബിൽ നം | 4/2015-16 തീയതി 29.03.2016 ₹1,68,732/- | |
| | 6/2015-16 തീയതി 30.03.2016 ₹8,31,268/- | |

മേൽ പരാമർശിച്ച പദ്ധതിക്കായി ₹10,00,000/- ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവിനാസ്പദമായ ഉപോത്ബലക രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നതിന് സമൻസ് നല്കിയിട്ടുണ്ട്(തീ.17.03.2017) ഫയലുകൾ ഹാജരാക്കാത്തതിനാൽ ₹1000000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-6 വാങ്ങിയ സ്കൂട്ടറുകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ₹81000/- ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പദ്ധതി | അംഗപരിമിതർക്ക് മുച്ചക്രവാഹനം |
| പദ്ധതി നം | എസ് 14/16 |

| | |
|---|---|
| അടങ്കൽ/ ചെലവ് | ₹23,49,000/-(പൊതുവിഭാഗം) |
| ബിൽ നം | 1/2015-16 തീയതി 21.10.2015 ₹23,49,000 |

ബ്ലോക്ക് പഞ്ചായത്തിലെ അംഗപരിമിതർക്ക് മുച്ചക്രവാഹനം വാങ്ങി വിതരണം ചെയ്യുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രോജക്ടാണിത്. ഇതു പ്രകാരം കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച തൊടുപുഴയിലുള്ള ഗോൾഡൻ ഓട്ടോമോബൈൽസിൽ നിന്നും ₹81000/- നിരക്കിൽ 29 വാഹനങ്ങൾ വാങ്ങി. (ബിൽ നം - തീ 30.09.2015). വാങ്ങിയവയിൽ 28 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. കട്ടപ്പന ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ഹണിമോൾ സെബാസ്റ്റ്യൻ, കാവിങ്കൽ വീട്, തൊവരയാർ എന്ന ഗുണഭോക്താവിന് അലോട്ട് ചെയ്യപ്പെട്ട കെ.എൽ-38-C-TEMP-8714 നമ്പരായുള്ള വാഹനം നാളിതുവരെ കൈമാറിയിട്ടില്ല.

വാഹനം സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും 2016-17 വർഷത്തെ പദ്ധതിയിൽ പുതിയ ഗുണഭോക്താവിനെ കണ്ടെത്തി വിതരണം നടത്തുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം-2 തീയതി 16-03-201)7മറുപടി നൽകിയിട്ടുണ്ട്. നിയുക്ത ഗുണഭോക്താവിന് വാഹനം ആവശ്യമില്ലാത്തപക്ഷം അത് പുതിയ ഗുണഭോക്താവിനെ നിബന്ധനകൾ പാലിച്ച് തെരഞ്ഞെടുത്ത് കൈമാറാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ വാഹനം വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ഒരെണ്ണത്തിന്റെ വിലയായ ₹81000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ശുചിത്വ സമുച്ചയനിർമാണത്തിന് വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ അധീനതയിലാക്കിയിട്ടില്ല

ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായ കൊച്ചറ ശ്രീ ധർമശാസ്താ ക്ഷേത്രത്തിന്റെ കൈവശമുള്ള 75 സെന്റ് സ്ഥലത്തിൽനിന്ന് 3 സെന്റ് സ്ഥലവും വഴിയും സാനിട്ടറി കോംപ്ലക്സ് നിർമിക്കുവാൻ വിട്ടുനൽകിക്കൊണ്ട് ക്ഷേത്ര ഭാരവാഹികൾ അഞ്ഞൂറുരൂപ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ ബ്ലോക്ക് പഞ്ചായത്തിന് നല്കിയിട്ടുണ്ട്. കക്കൂസ് നിർമിക്കുന്നതിനുള്ള പ്രോജക്ട് നടപ്പു സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും സ്ഥലം നിയമപരമായി കൈവശപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ക്ഷേത്രത്തിന്റെ യഥാർത്ഥ ഉടമകൾ തന്നെയാണോ സ്ഥലം വിട്ടു നൽകിയതെന്ന് വ്യക്തമല്ല. അവകാശം പൂർണമായി സിദ്ധിക്കാത്ത സ്ഥലത്ത് പണികഴിപ്പിക്കുന്ന നിർമിതിയുടെ ഉടമസ്ഥത സംബന്ധിച്ച് ഭാവിയിൽ തർക്കം ഉടലെടുക്കുന്നപക്ഷം അത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. ആകയാൽ പ്രസ്തുത സ്ഥലം നിയമപരമായി കൈവശപ്പെടുത്താൻ നടപടികൾ സ്വീകരിച്ച ശേഷം നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധമായ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-8 ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി പദ്ധതിവിഹിതം നാളിതുവരെ വിനിയോഗിച്ചില്ല

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ (ഹാഡ) പച്ചക്കറി-ഫലവർഗവികസന പദ്ധതി പ്രകാരം ബ്ലോക്ക്

പഞ്ചായത്തിന് 2012-13 സാമ്പത്തികവർഷം 26ലക്ഷം രൂപ സ്പെഷ്യൽ ഓഫീസറായ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ മുഖേന ലഭിച്ചിരുന്നു. (ചെക്ക് നം.501141/തീ.30.3.2013). പ്രസ്തുത തുക കട്ടപ്പന സബ് ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചെങ്കിലും ഏജൻസി വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്ക്കരിക്കാനുതകുംവിധം പ്രോജക്ടുകളാവിഷ്കരിച്ച് തുക വിനിയോഗിക്കാൻ നാലു വർഷം കഴിഞ്ഞിട്ടും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നാളിതുവരെ ഇതിൽനിന്ന് 225000/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജനോപകാരപ്രദമായി തുക ചെലവഴിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി വിഷയം ഭരണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് | 2015-16 | 3447000 | ഐ.എ.വൈ ഭവനനിർമ്മാണം | 11019500 | |
| ഉപ്പുതറ ഗ്രാമപഞ്ചായത്ത് | | 2200000 | | | |
| കാഞ്ചിയാർഗ്രാമപഞ്ചായത്ത് | | 3295000 | | | |
| ഇരട്ടയാർഗ്രാമപഞ്ചായത്ത് | | 1160000 | | | |
| ചക്കുപള്ളം ഗ്രാമപഞ്ചായത്ത് | | 3172500 | | | |
| വണ്ടൻമേട് ഗ്രാമപഞ്ചായത്ത് | | 1659960 | | | |
| കട്ടപ്പന ഗ്രാമപഞ്ചായത്ത് | | 960000 | | | |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | | 28168000 | | 18432000 | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | | 14709000 | | 13375500 | |

| | | | | |
|---|---|---|---|---|
| ആകെ | 58771460 | | 42827000 (മുന്നിരിപ്പ്ഉൾപ്പെടെ) | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 31മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ള/ജലസേചന പദ്ധതി അധിക ചെലവുകൾ |
| 2003-04 | 3(11) | 2006-07 | 3.35.1 | ഡെപ്പോസിറ്റ് വേലകൾ (K.S.E.B,KWA,KAICO) പൂർത്തിയാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹120960848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹144084182 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹90622 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1081000 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-3 | | 56322 | 18774 | ശ്രീ.കെ ബിജു, അസി.എക്സി.എഞ്ചിനീയർ |
| | | | 18774 | ശ്രീ. എം.എസ് സന്തോഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | 18774 | ശ്രീ. ജോസഫ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 34300 | ശ്രീ കെ.കെ ശശികുമാർ, സെക്രട്ടറി | |
| ആകെ | | 90622 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1000000 | ഡോ. എസ്. സുരേഷ്, മെഡിക്കൽ ഓഫീസർ |
| 3-6 | 81000 | ശ്രീമതി. റ്റി.സി.സാലി, ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 1081000 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം 3-5 & 3-6

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.കെ ശശികുമാർ, സെക്രട്ടറി | അടിത്തുൺ പറ്റി | കാവുങ്കൽ വീട്<br>കിഴക്കമ്പലം പി.ഒ<br>എറണാകുളം ജില്ല |

| | | |
|---|---|---|
| ശ്രീ. കെ. ബിജു,<br>അസി. എക്സി. എഞ്ചിനീയർ | ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | വിസ്ഡൻ ഗാർഡൻ<br>കെ.കെ നഗർ,<br>മണ്ണന്തല പി.ഒ<br>തിരുവനന്തപുരം ജില്ല |
| ശ്രീ.എം.എസ് സന്തോഷ് കുമാർ,<br>അസി. എക്സി. എഞ്ചിനീയർ | ബ്ലോക്ക് പഞ്ചായത്ത് പോത്തൻകോട് | സുവല്യ<br>പേരൂർക്കട പി.ഒ<br>തിരുവനന്തപുരം ജില്ല |
| ശ്രീ. ജോസഫ് തോമസ്,<br>അസി എഞ്ചിനീയർ | ബ്ലോക്ക് പഞ്ചായത്ത് കട്ടപ്പന | തെക്കേൽ വീട്<br>മൈലാടുംപാറ<br>നെറ്റിത്തൊഴ പി.ഒ<br>ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ-3/400/98 തീ 31.07.2009 | - |
| 1997-98 | എൽ.എഫ്.ഐ-3/401/91 തീ 31.07.2009 | - |
| 1998-99 | എൽ.എഫ്.ഐ-3/157/2000 തീ 30.09.2000 | - |
| 1999-2000 | എൽ.എഫ്.ഐ-3/310/02 തീ 31.08.2000 | - |
| 2000-01 | എൽ.എഫ്.ഐ-3/446/03 തീ 29.11.2003 | - |
| 2001-02 | എൽ.എഫ്.ഐ-4/280/04തീ 05.01.2005 | - |
| 2002-03 | എൽ.എഫ്.ഐ-4/130/05 തീ 28.02.2005 | - |
| 2003-04 | എൽ.എഫ്.ഐ-4/842/06തീ 09.03.2007 | - |
| 2004-05 | എൽ.എഫ്.ഐ-4/702/08 തീ 31.03.2009 | - |
| 2005-06 | എൽ.എഫ്.ഐ-4/331/09 തീ 10.08.2009 | - |
| 2006-07 | എൽ.എഫ്.ഐ-4/241/10 തീ 10.06.2011 | - |
| 2007-08 | എൽ.എഫ്.ഐ-4/239/10 തീ 19.06.2011 | - |
| 2008-09 | എൽ.എഫ്.ഐ-4/884/11 തീ 09.03.2012 | - |
| 2009-10 | എൽ.എഫ്.ഐ-4/885/11/09 തീ 09.03.2012 | - |
| 2010-11 | എൽ.എഫ്.ഐ-4/176/13 തീ 13.11.2013 | - |
| 2011-12 &2012-13 | എൽ.എഫ്.ഐ-4/236/14തീ.18.03.2014 | |

| | | |
|---|---|---|
| 2013-14 & 2014-15 | കെ.എസ്.എ-ഐ.ഡി.കെ-09/1397/2015 തീ 16.12.2015 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ.-09/367/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph No : 04862 227332
E-mail:doidk.ksad@kerala.gov.in
തീയതി:27.03.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>AUDIT CERTIFICATE</u>

No.KSA/IDK-09/367/2017

Kerala State Audit Department

District Audit Office, Idikki
Dated : 27.03.2017
Ph No : 04862 227332
E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of KATTAPPANA Block Panchayath in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of KATTAPPANA Block Panchayath for the 2015-16, except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR
IDUKKI